"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ നിയമന അംഗീകാരത്തിനായി സമർപ്പിക്കേണ്ട പ്രമാണങ്ങളിൽ 'Police Verification Proforma' കൂടി ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ.) വകുപ്പ്**

സ.ഉ.(കൈ) നം.149/2026/GEDN തീയതി,തിരുവനന്തപുരം, 25-09-2026

---

പരാമർശം:-

1. 30/09/2021 ലെ സ. ഉ. (അച്ചടി) നം. 63/2021/ആഭ്യന്തരം
2. നിയമസഭാ സെക്രട്ടറിയുടെ 06/08/2024 ലെ 13381/ഡബ്ല്യു.റ്റി.സി.&ഡി.ബി.2/2021/ലെജി. നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ പൊലീസ് വെരിഫിക്കേഷൻ നടത്തേണ്ടതും, വെരിഫിക്കേഷൻ നടപടികൾ ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ച ഒരു മാസത്തിനകം പൂർത്തീകരിക്കേണ്ടതുമാണ് എന്ന് പരാമർശം.1 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ എയ്ഡഡ് വിദ്യാഭ്യാസ ഉദ്യോഗ നിയമനങ്ങളിൽ ക്രിമിനൽ കേസുകളിലെ പ്രതിയായി ഉൾപ്പെട്ടവർക്ക് അവസരം ഉണ്ടാകാത്ത തരത്തിൽ പോലീസ് വെരിഫിക്കേഷന് ശേഷം മാത്രം നിയമനം നടത്തുന്നത് പരിഗണിക്കണമെന്ന് ആഭ്യന്തര വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി.

2.കുട്ടികളുമായി ഇടപെടുന്ന വാർഡൻ, അദ്ധ്യാപകർ തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമനത്തിന് പോലീസ് നാഷണൽ സെക്സ് ഒഫൻഡേഴ്സ് രജിസ്ട്രിയിൽ ഉൾപ്പെട്ടിട്ടുള്ളവരെ യാതൊരു കാരണവശാലും പരിഗണിക്കരുതെന്നും ഇതിനായി സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്നും സ്ത്രീകളുടെയും ട്രാൻസ് ജൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയും (2019-2021) ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ നിയമന അംഗീകാരത്തിനായി സമർപ്പിക്കേണ്ട പ്രമാണങ്ങളിൽ 'Police Verification

Proforma' കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു. നിയമനാംഗീകാര പ്രൊപ്പോസൽ പരിഗണിക്കുന്ന വേളയിൽ, നിയമന അംഗീകാര അധികാരികൾ ബന്ധപ്പെട്ട പോലീസ് അധികാരികളിൽ നിന്ന് 'Police Verification Proforma' യിൽ റിപ്പോർട്ട് തേടേണ്ടതും ടി റിപ്പോർട്ട് കൂടി പരിഗണിച്ച് മാത്രം നിയമന അംഗീകാരം നൽകേണ്ടതാണെന്നും നിർദ്ദേശം നൽകി ഉത്തരവാകുന്നു.

4. ഇത് സംബന്ധിച്ച ആവശ്യമായ ഭേദഗതി കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും / ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും /എല്ലാ ഹയർ സെക്കൻഡറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും / വൊക്കേഷണൽ ഹയർ സെക്കൻഡറി അസിസ്റ്റന്റ് ഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേനെ)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ആഭ്യന്തര വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Johndas D
Date: 25-09-2026
11:49:23
സെക്ഷൻ ഓഫീസർ